(സി) എന്തെല്ലാം സ്ത്രീശാക്തീകരണ സഹായങ്ങളാണ് പദ്ധതിയനുസരിച്ച് ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) എല്ലാ ബസ്സ് സ്റ്റേഷനുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും യാത്രക്കിടയിൽ ബസ്സുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. സ്ത്രീകൾക്ക് മാത്രമായി വിശ്രമ മുറികൾ, കുടിവെള്ളം, പ്രാഥമികാവശ്യത്തിനുള്ള സൗകര്യം തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. മുപ്പതോളം ഡിപ്പോകളിൽ ഇതിനകം പണി പൂർത്തിയാക്കി ഉപയോഗത്തിലാണ്. അഞ്ച് ഡിപ്പോകളിൽ പണികൾ പുരോഗതിയിലാണ്. രാത്രി കാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 8.00 മണി മുതൽ രാവിലെ 6.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) സ്ത്രീ യാത്രക്കാർക്ക് സുരക്ഷിതമായ വിശ്രമ മുറികൾ, പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യം, 24 മണിക്കൂറും സുരക്ഷയും കെ.എസ്.ആർ.ടി.സി. ഉറപ്പാക്കുന്നു.

യാത്രക്കാരായ സ്ത്രീകളുടെ ബാഗുകളും മറ്റും സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ക്ലോക്ക് റൂം സൗകര്യം, സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്ക് സെക്യൂരിറ്റി ബൂത്ത്/പോലീസ് എയ്ഡ് പോസ്റ്റ് എന്നിവയും കെ.എസ്.ആർ.ടി.സി. ലക്ഷ്യമിട്ടിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.. പുതുതായി പണികഴിപ്പിക്കുന്ന എല്ലാ ബസ് ടെർമിനലുകളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും സ്ത്രീകൾക്ക് പ്രത്യേക സുരക്ഷിതത്വം ഉറപ്പാക്കുന്ന ഇത്തരം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ്

9 (*729) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യോത്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ് അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉല്പാദന ബോണസ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; പദ്ധതിക്ക് ഭരണാനുമതി നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് എത്ര ശതമാനം തുക ഇതിനകം ഉല്പാദന ബോണസായി നൽകുകയുണ്ടായെന്ന് വ്യക്തമാക്കുമോ ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉല്പ്പാദന ബോണസ് അനുവദിക്കുവാനുള്ള ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി തുടങ്ങിയിട്ടില്ല.

(ബി) മത്സ്യോൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് നൽകുന്നത് സംബന്ധിച്ച് മത്സ്യഫെഡ് തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിന്മേൽ അന്തിമ തീരുമാനം ആയശേഷം ഭരണാനുമതി നൽകുന്നതും പദ്ധതി പ്രാവർത്തികമാക്കുന്നതുമാണ്.

(സി) പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടില്ലാത്തതിനാൽ ഉൽപ്പാദന ബോണസ് നൽകി തുടങ്ങിയിട്ടില്ല.

മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ ലഭ്യമാക്കുന്ന പദ്ധതി

10 (*730) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടലിൽ നിന്നും കരയിലെത്തിക്കുന്ന മത്സ്യം ഗുണമേന്മ നഷ്ടപ്പെടാതെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾവഴി മത്സ്യഫെഡ് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി ;

(സി) മത്സ്യഫെഡിന് തുക കൈമാറിയിട്ടുണ്ടോ ;

(ഡി) എല്ലാ തദ്ദേശസ്ഥാപനങ്ങളിലും മത്സ്യവിപണന ശാലകൾ സ്ഥാപിക്കുന്നതിന് മൊത്തം എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

LIBRARY ARCHIVES Kerala Legislative Assembly